# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 258** — **04/06/2018-ൽ മറുപടിയ്ക്ക്**

## മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | തലസ്ഥാനം ഉൾപ്പെടെയുള്ള ചില ജില്ലകളിൽ മഴക്കാലത്ത് പടർന്നുപിടിക്കുന്ന പകർച്ച വ്യാധികളുടെ യഥാർത്ഥ ഉറവിടം കണ്ടെത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | എ) | മഴക്കാലത്തുള്ള പകർച്ചവ്യാധികൾ പലതരം ഉറവിടങ്ങളിൽ നിന്നും ഉണ്ടാകുന്നതാണ്. ജലജന്യരോഗങ്ങൾ മിക്കതും ശുദ്ധജലത്തിന്റെ അഭാവം മൂലം ഉണ്ടാകുന്നതാണ്. വായുജന്യരോഗങ്ങൾ അന്തരീക്ഷത്തിലുണ്ടാകുന്ന മാറ്റങ്ങൾ കൊണ്ട് ഉണ്ടാകുന്നു. ഡെങ്കി പോലുള്ള കൊതുകുജന്യ രോഗങ്ങൾ കൊതുകുകളുടെ സാന്ദ്രത വർദ്ധിക്കുന്നത് മൂലമാണ്. ഇത്തരം കാരണങ്ങൾക്കനുസരിച്ച് വിവിധതരം പഠനങ്ങൾ മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച് നടന്നുവരുന്നു. ആരോഗ്യ-വകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി പ്രവർത്തിക്കുന്നു. |
| ബി) | നഗരസഭകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മഴക്കാലത്തിന് മുൻപ് പൂർത്തിയാക്കേണ്ട ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതായി ആരോഗ്യ വകുപ്പ് സ്ഥിരീകരിച്ചിട്ടുണ്ടോ; | ബി) | നഗരസഭകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മഴക്കാലത്തിന് മുൻപ് പൂർത്തിയാക്കേണ്ട ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ അവലോകനം നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുകയും ചെയ്യുന്നു. |
| സി) | ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് പൂർത്തിയാക്കേണ്ട ശുചീകരണ-ബോധവല്ക്കരണ പ്രവർത്തനങ്ങൾക്കും വേണ്ടത്ര മുൻകരുതലുകൾക്കുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | സി) | പല പകർച്ചവ്യാധികളും മഴക്കാലത്തു മാത്രമല്ല വർഷം മുഴുവൻ ഏറിയും കുറഞ്ഞും റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടിയാണ് ആരോഗ്യവകുപ്പ് ഓരോ ജില്ലയിലും നടപ്പിലാക്കി വരുന്നത്.<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഇതര വകുപ്പുകളുടെയും സഹകരണത്തോടെയും ജന-പങ്കാളിത്തത്തോടെയും ആണ് പ്രവർത്തനങ്ങൾ നടത്തുന്നത്. മാലിന്യ-നിർമ്മാർജ്ജനം, ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കൽ, കൊതുകിന്റെ ഉറവിടനശീകരണം. രോഗനിരീക്ഷണം, ചികിത്സ, |

കൊതുകനിരീക്ഷണം, കൊതുക് നിയന്ത്രണം, ഹെൽത്തി കേരള പരിശോധന, രോഗപ്രതിരോധ ബോധവത്കരണ ക്യാമ്പെയിനുകൾ, ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യപരിരക്ഷ തുടങ്ങിയ കാര്യങ്ങളാണ് പ്രധാനമായും നടപ്പിലാക്കുന്നത്.

പഞ്ചായത്തുകളിൽ ഗ്രാമസഭകൾ നടത്തുകയും വാർഡ് തല ആരോഗ്യ ശുചിത്വ കർമ്മസേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി.ആർ.ഡി ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ ഉത്തരവാദിത്വത്തിൽ ആരോഗ്യജാഗ്രതാ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ്ണ ശുചീകരണം നടത്തിവരുന്നു.

കൂടാതെ പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗ-നിരീക്ഷണവും കൊതുകനിവാരണ മാർഗ്ഗങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ-സംസ്ഥാനതല നടപടികൾ സ്വീകരിച്ച് വരുന്നു. കൊതുകുസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐഎസ്എസ്), വീടിനു പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിങ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്തു വരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ കൈപുസ്തകങ്ങൾ, പൊതു-ജനങ്ങൾക്കാവശ്യമായ ലഘുലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റ് കിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**